## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1862 25/03/2013 ൽ മറുപടിക്ക്

**ഐ.എഫ്.എഫ്.കെ.യിൽ നിന്നും ഓപ്പൺ ഫോറം ഒഴിവാക്കിയ നടപടി.**

ചോദ്യം

ശ്രീ. ബി. സത്യൻ.

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2012-ൽ നടത്തിയ ഐ.എഫ്.എഫ്.കെ.യിൽ നിന്നും ഓപ്പൺ ഫോറം ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ; | (എ) | കേരളത്തിൽ എത്തുന്ന പ്രമുഖരായ ചലച്ചിത്രകാരന്മാരുമായി ഗൗരവതരമായ ചർച്ച നടക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. അന്തർദേശീയ തലത്തിൽ അറിയപ്പെടുന്നവരുമായി ആശയവിനിമയം സാധ്യമാക്കുന്നതിന് തിയേറ്ററിനുള്ളിൽ വച്ചുതന്നെ സംവാദം നടത്തണമെന്നാണ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയുടെ ഉപദേശക സമിതി നിർദേശിച്ചത്. ഇതനുസരിച്ച് ഇൻകോൺവർസേഷനും മീറ്റ് ദി ഡയറക്ടറും പ്രധാന തിയേറ്ററുകളിൽ നടത്തുകയായിരുന്നു. |
| (ബി) | ഓപ്പൺ ഫോറം ഒഴിവാക്കിയത് ഐ.എഫ്.എഫ്.കെ.യിൽ സാധാരണ ഉണ്ടാകാറുള്ള ഉത്സവാന്തരീക്ഷത്തെ ഇല്ലാതാക്കിയെന്നുള്ള വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | 'ഓപ്പൺ ഫോറം' എന്ന പേര് 'മീറ്റ് ദ ഡയറക്ടർ' എന്നാക്കി മാറ്റുക മാത്രമാണ് ചെയ്തിട്ടുള്ളത്. |
| (സി) | അടുത്ത പ്രാവശ്യം ഓപ്പൺ ഫോറം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) | ഇക്കാര്യം കേരള ചലച്ചിത്ര അക്കാദമിയുടെ ഗവേണിംഗ് ബോഡിയുടെ തീരുമാനങ്ങൾക്ക് വിധേയമാണ്. |

Sheela M

സെക്ഷൻ ഓഫീസർ